കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ,തൃശ്ശൂർ ജില്ല

പ്രവചന കാലയളവ് 12.07.2025 മുതൽ 16.07.2025 വരെ

വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ
കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും
ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്

| എ എ എസ് ബുള്ളറ്റിൻ നമ്പർ 28/2025, (55) വെള്ളിയാഴ്ച | തീയ്യതി 11/07/2025 |
|---|---|

**2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :**

| കാലാവസ്ഥാ ഘടകങ്ങൾ | 12.07.2025 | 13.07.2025 | 14.07.2025 | 15.07.2025 | 16.07.2025 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 12 | 15 | 22 | 4 | 3 |
| ഉയർന്ന താപനില (°C) | 30 | 30 | 30 | 30 | 30 |
| കുറഞ്ഞ താപനില (°C) | 23 | 23 | 23 | 23 | 23 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 95 | 95 | 95 | 95 | 95 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 85 | 85 | 85 | 85 | 85 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 3 | 3 | 3 | 3 | 3 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 320 | 320 | 320 | 320 | 320 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 8 | 8 | 8 | 8 |

കാലാവസ്ഥാ അറിയിപ്പ്:- IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്കു സാധ്യത. 2025 ജൂലൈ 11 മുതൽ 15 വരെ കേരളത്തിൽ ഇടയ്ക്കിടെ ശക്തമായ കാറ്റ് വീശാൻ സാധ്യതയുണ്ട്. കേരളത്തിൽ ശരാശരിക്ക് അടുത്ത് മഴ ലഭിക്കാൻ സാധ്യത.

**വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും (തൃശ്ശൂർ ജില്ല)**

**പൊതുനിർദേശങ്ങൾ**:-. കാലവർഷ സമയത്ത് കാർഷികവിളകൾക്ക് പ്രത്യേക വിളപരിപാലനം നടത്തേണ്ടതാണ്. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ നീർവാർച്ചാസൗകര്യങ്ങൾ ഉറപ്പുവരുത്തുക. മഴയില്ലാത്ത സമയത്ത്മാത്രം കീടനാശിനി പ്രയോഗം നടത്തുക. വാഴകൾക്ക് താങ്ങുകാലുകൾ നൽകുക. പച്ചക്കറി പന്തലുകൾ കൂടുതൽ ബലപ്പെടുത്തുക. കർഷകർക്കും, കന്നുകാലികൾക്കും ഇടിമിന്നൽ ഏൽക്കാതിരിക്കാൻ തുറസ്സായ സ്ഥലങ്ങളിൽ നിൽക്കാതിരിക്കുക.

| വിളകൾ | രോഗ-കീടങ്ങൾ, വിള പരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (വിരിപ്പ്) | ഇലപ്പേൻ | നെല്ലിലെ ഇലപ്പേനിനെ നിയന്ത്രിക്കാൻ 2 ഗ്രാം തൈയോമെതോക്സാം പത്തു ലിറ്റർ വെള്ളത്തിൽ കലക്കി തളിച്ചുകൊടുക്കാവുന്നതാണ്. മഴയില്ലാത്ത സമയത്ത്മാത്രം കീടനാശിനി പ്രയോഗം നടത്തുക |
| കുരുമുളക് | ദ്രുതവാട്ടം | മഴക്കാലത്ത് കുരുമുളകിലെ ദ്രുതവാട്ട രോഗത്തെ പ്രതിരോധിക്കാനായി. രണ്ടു കിലോ ട്രൈക്കോഡർമ 90 കിലോ ചാണകപ്പൊടിയും 10 കിലോ വേപ്പിൻ പിണ്ണാക്കുമായി കൂട്ടി കലർത്തി ആവശ്യത്തിന് ഈർപ്പം നിലനിൽക്കത്തക്ക വണ്ണം രണ്ടാഴ്ചത്തേക്ക് വയ്ക്കുക. ഈ മിശ്രിതത്തിൽ നിന്ന് 2.5 കിലോ വീതം ഓരോ കുരുമുളക് ചെടിക്ക് ചുവട്ടിലും ഇട്ടു കൊടുക്കുക. രോഗം രൂക്ഷമാവുകയാണെങ്കിൽ മൂന്ന് ഗ്രാം കോപ്പർ ഓക്സിക്ലോറൈഡ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ഓരോ ചെടിയുടെ ചുവട്ടിലും മണ്ണ് കുതിരത്തക്ക വണ്ണം ഒഴിച്ചു കൊടുക്കുക |
| പച്ചക്കറികൾ (വെള്ളരിവർഗ്ഗങ്ങൾ) | മൃദുരോമപൂപ്പ് | വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ നീർവാർച്ചാസൗകര്യങ്ങൾ ഉറപ്പുവരുത്തുക. മഴയില്ലാത്ത സമയത്ത് മാത്രം കീടനാശിനി പ്രയോഗം നടത്തുക.മഴക്കാലത്ത് വെള്ളരിവർഗ്ഗ പച്ചക്കറികളിൽ മൃദുരോമപൂപ്പ് എന്ന കുമിൾ രോഗം കാണാനിടയുണ്ട്. പ്രതിവിധിയായി 2.5 ഗ്രാം മാങ്കോസെബ് 1 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ഇലയുടെ അടിയിൽ പതിയത്തക്കവിധത്തിൽ കലക്കി തളിക്കുക. |

മൃഗസംരക്ഷണം-: കാലിത്തീറ്റ വെയിലത്ത് ഉണക്കേണ്ടതാണ്. കാലിത്തീറ്റയിൽ പൂപ്പൽ പടരാതിരിക്കാൻ ശ്രദ്ധിക്കണം. കുളമ്പ് രോഗത്തിന്റെ പ്രതിരോധ കുത്തിവെയ്പ് എടുക്കുക. കുളമ്പുരോഗം, കുളമ്പിനുണ്ടാകുന്ന ക്ഷതങ്ങൾ എന്നിവ ഒഴിവാക്കുന്നതിനായി വെള്ളക്കെട്ടുകളിൽ മേയാൻ വിടാതിരിക്കുക. (CAADECCS, KVASU, Mannuthy).